പരിചമുട്ട്
പി. കെ. തങ്കപ്പൻപിള്ള
വനപർവം'(കാക്കാരിശി)
മരവും കുട്ടിയും
ഭൂമി
പുതിയഗീതകം
പെരിയാർ
കുടിയോടെ പോരുക
വിഷവാഹിനി പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള
എതിർക്കിൻ കൂട്ടരേ പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള
ഇനിയും മരിക്കാത്ത ഭൂമി
ഞാറ്റുവേല എസ്.പി.എൻ
കവിയോട് മുല്ലനേഴി

## പരിചമുട്ട്

പി. കെ. തങ്കപ്പൻപിള്ള

ഇരുപത്തൊന്നാം നൂറ്റാണ്ടായിട്ടും
ഈ നമ്മളുമാത്രം
ഇരുളിൽ തപ്പിക്കഴിയുകയാണല്ലോ
തെയ്യ് താരക തെയ്യ് തെയ്യ്

പദ്ധതി പലതും വന്നു കടന്നല്ലോ
എന്നിട്ടും നമ്മൾ
അക്ഷരമറിയാത്തവരായ് പോയല്ലോ
തെയ്യ് താരക തെയ്യ് തെയ്യ്

ചുറ്റും നിങ്ങൾ നോക്കുവിനീലോകം
മാറ്റത്തിൻ പടവുകൾ
ഓർത്താൽ പ്രാകൃതരിന്നും നാമല്ലോ
തെയ്യ് താരക തെയ്യ് തെയ്യ്

മാളങ്ങളിൽ വാണവരുടെ തലമുറകൾ
ആണല്ലോ യഥേഷ്ടം
ഗോളങ്ങളിൽ സഞ്ചാരം ചെയ്യുന്നോർ
തെയ്യ് താരക തെയ്യ് തെയ്യ്

എന്നിട്ടിന്ത്യയിൽ നൂറ്റിക്കെഴുപതുപേർ
അക്ഷരമറിയാത്തവ
രെന്നു പറഞ്ഞാൽ നാണക്കേടല്ലോ
തെയ്യ് താരക തെയ്യ് തെയ്യ്

തോ തിന്തോ തിന്തിമി തിന്തോ
തെയ്യ തിമിന്താരോ – (2)

അറിവില്ലാതലയും നമ്മെ
കൊത്തി വലിക്കാനായ്
കഴുകന്മാർ ചുറ്റും ചിറകടി
യോടു പറക്കുന്നു

അറിയുവിനിന്നവശരെയഗതിക
ളടിമകളേ നിങ്ങൾ
അറിവാകുന്നായുധമേന്തുവിൻ
അഖിലരുമൊരുപോലെ

**വനപർവം'**
**(കാക്കാരിശി)**

വേദിയിൽ ഒരു ഭാഗത്ത് പിന്നിൽ രണ്ടു കസേരയിൽ ഭംഗിയായി വസ്ത്രധാരണം ചെയ്ത രണ്ടുപേർ ഇരിക്കുന്നു. മാന്യന്മാരുടെ ഭാവം. പരസ്പരം സംസാരിച്ചുകൊണ്ടാണിരിക്കുന്നത്. കാണികളുടെ പിന്നിൽ അകലെനിന്ന് കാക്കാലൻ 'ഓ.... ഹോ' എന്ന് നീട്ടിവിളിക്കുന്നു. അൽപദൂരം ചുവടുവച്ച് വീണ്ടും വിളിക്കുന്നു. മറ്റൊരു ഭാഗത്തുനിന്നും ഇതിനു മറുപടി എന്നവണ്ണം ഈറ്റത്തൊഴി ലാളിയുടെ ശബ്ദം "ഓാാ....ഓ" എന്ന് കേൾക്കുന്നു. മറുവശത്തുനിന്നും ചൂരൽത്തൊഴിലാളിയുടെ ശബ്ദവും അതുപോലെ കേൾക്കുന്നു. തുടർന്ന് കാക്കാലൻ.

"ധിമിതരികിട തിമിതക താ തെയ്യത്തെയ്യാം ത-ക-തൈ" എന്ന് ഉറക്കെ പറയുന്നു. ഒരു മുദ്രാവാക്യംപോലെ മറ്റു രണ്ടുപേരും ഏറ്റുപറയുന്നു. ഇതേ വായ്ത്താരി താളാത്മകമായി ചൊല്ലിക്കൊണ്ട് ചുവടുവച്ച് മൂവരും വേദിയിലേക്കു പ്രവേശിക്കുന്നു. മാന്യന്മാരുടെ മുമ്പിലെത്തി നിരന്നുനിന്നു വണങ്ങുമ്പോൾ മാന്യന്മാർ കസേരയിലെഴുന്നേറ്റു നിൽക്കുന്നു.

വന്ദനം

കാക്കാലൻ : വന്ദനം തന്നിടുന്നേൻ പൊന്നു തമ്പ്രാക്കന്മാരേ

എങ്ങളീ നാടുചുറ്റീ വന്നതാണേ തുണയ്ക്കായ്

(മൂവരും ഏറ്റുപാടി വണങ്ങുന്നു)

മാന്യൻ 1 : എടാ കാക്കാലാ ഇവരൊക്കെ ആരാടാ നിന്റെ?

(പറഞ്ഞുകൊടുക്കാൻ കാക്കാലൻ ആംഗ്യം കാണിക്കുന്നു.)

ഈറ്റത്തൊഴിലാളി : അടിയൻ തെക്കൻദേശക്കാരനാണേയ്

കുട്ട, മുറം, വട്ടി, പരമ്പൊക്കെ നെയ്ത് അത് വിറ്റു കാലം കഴിക്കുവോനാണു ഞാനേ.

മാന്യൻ-2 : അപ്പോൾ നീയോടാ?

ചൂരൽ : അടിയൻ വടക്കൂന്ന് വന്ന് കൂടിയതാണേ. അഴകിൽ ചൂരപ്പണിയെടുത്തീടുവോനടിയനെന്നറിഞ്ഞാലും.

മാന്യൻ -1 : നിങ്ങളൊക്കെ ഈ തെണ്ടിക്കാക്കാന്റെ കൂടെങ്ങനെ കൂടിയെടാ?

ഈറ്റ : എങ്ങളുമൂന്നും ഇപ്പോൾ ഊരുചുറ്റുവാന്നേ.

മാന്യൻ-2 : അപ്പോൾ തെണ്ടലാണ് മുഖ്യതൊഴിൽ അല്ലേ?

കാക്കാൻ : അടിയന് തെണ്ടല് മാത്രമല്ലേ മറ്റു പലതും അറിയാമേ.

മാന്യൻ -1 : എന്തോന്നാടാ മറ്റു പലതും? കളികൾ വല്ലതും അറിയാമോടാ?

കാക്കാൻ : കളികളോ. ഈ കാണുന്നതു മുഴുവൻ കളികളാന്നേ.

കൂടിക്കൊണ്ടാട്ടെ തമ്പ്രാക്കളേ.

(മൂവരും ചുവടുവച്ചു കളിക്കുന്നു.)

"ധിമിതരികിട തിമിതക താ തെയ്യത്തെയ്യാം ത-ക-തൈ.

മാന്യൻ : ഈ ചാട്ടമൊക്കേ ഉള്ളോ? നിനക്കുവല്ല കവിത്വമോ കിവിത്വമോ ഉണ്ടോടാ?

കാക്കാൻ : കിവിത്തമൊണ്ടു കൊച്ചമ്പ്രാ. കേട്ടോണ്ടാട്ടെ.

അയ്യയ്യയ്യയ്യയ്യ ഹരി അയ്യയ്യയ്യയ്യയ്യ

അയ്യയ്യയ്യയ്യയ്യ ഹരി അയ്യയ്യയ്യയ്യയ്യ

ചുണ്ടെലി ചുമരെലി ചൂരങ്ങാട്ടെലി
മുണ്ടെലി മുടന്തെലി അറയെലി പുരയെലി
പഞ്ഞനും കുഞ്ഞനും മുള്ളെലി വെള്ളെലി
വേലിക്കൽ ചാക്കോ ഇങ്ങനെ പതിനെട്ടെലികൾ കൂടി മേളം കൂടി.....
അതിലൊരു കഴുവേറി മിടുക്കുള്ള കഴുവേറി
പത്തായം കരണ്ടെന്നും പഴവിത്തുകരണ്ടെന്നും
ഭഗവാനിരുന്നൊരു പഴക്കുല കരണ്ടെന്നും
ഭഗവതിക്കിരുന്നൊരു പച്ചക്കുല കരണ്ടെന്നും
അയ്യയ്യ.....................................................................
മോട്ടോർവണ്ടീടെ റോഡ് കരണ്ടെലി
ആട്ടക്കാരന്റെ പെട്ടി രണ്ടെലി
തുള്ളക്കാരന്റെ ചെള്ള കരണ്ടെലി
വള്ളക്കാരന്റെ പള്ള കരണ്ടെലി
അയ്യയ്യ.....................................................................

മാന്യൻ-1 : തീർന്നോടാ?

കാക്കാൻ : ഇല്ലേ തമ്പ്രാ. ശേമ്പുകട്ടതു മിണ്ടല്ലേ-കറുക ശെമ്മീൻ കട്ടതു മിണ്ടല്ലേ

ശേമ്പുകട്ടതു ശെമ്മീൻ കട്ടതു പെമ്പളമ്മ കുമ്പളമ്മ ശക്കിക്കൊച്ചമ്മ.

(കാക്കാൻ ഒരു പ്രത്യേക രീതിയിൽ വീണു തിരിയുന്നു.)

മാന്യൻ -2 : എടാ നിന്റെ ആ ദേശക്കുമ്മിയൊന്ന് കേൾക്കട്ടെ.

കാക്കാൻ : ഇപ്പോൾ ദേശക്കുമ്മിയല്ല കൊച്ചമ്പ്രാ; ജില്ലാക്കുമ്മിയാന്നേ. കൂടിക്കൊണ്ടാട്ടെ.

(എഴുന്നേറ്റു പാടുന്നു.)

തന്നിനത്താനിന ത്തന്നാനൈ തനൈ

താനിനത്താനിന ത്താന്നാനൈ
തന്നിന ത്താനിന ത്തന്നാനൈ ത നെ
താനിന ത്താനിന ത്തന്നാനൈ
തെക്കു തെക്കു തിരുവനന്തപുരവും
ആലപ്പുഴ കൊല്ലവും കോട്ടയവും

ഈറ്റ : അഴകേറിയോരെറണാകുള- മരികത്തിടുക്കിയും
അരിവിളയും പാലക്കാടും തൃശൂരും
(തന്നിന......)

ചൂരൽ : വാഴയൂർ പഞ്ചായത്തുള്ളമലപ്പുറം
കോഴിക്കോട് വയനാട് കണ്ണൂർ
മലനാടിനു വിലയേറിയ സ്ഥലമല്ലേ ഇവിടെല്ലാം
പലവട്ടം ചുറ്റിയേൻ വന്നതാണേ.....
(തന്തിന.............)

മാന്യൻ-1 : എടാ നിന്റെ കാക്കാത്തി എവിടെടാ.

കാക്കാൻ : അക്കഥയൊന്നും പറയണ്ട തമ്പ്രാ പറഞ്ഞാൻ അടിയന്റെ കളിയും കിളിയുമൊക്കെ ഇവിടെ നിൽക്കുമേ.
(കാക്കാൻ തളർന്നു വീഴുന്നു. മറ്റവർ പിടിച്ചെഴുന്നേൽപിക്കുന്നു.)

മാന്യൻ-2 : എന്തെടാ വിവരം പറയെടാ.

കാക്കാൻ : അടിയനോടൊള്ള കെറുവാന്നോ കാക്കാത്തിയോടുള്ള കെറുവാന്നോ അടിയന്റെ മുമ്പിൽ വച്ച് അവളുടെ ഒന്നാന്തരമൊരു ചൂരവട്ടി കൊച്ചമ്പ്രാക്കളു കൊണ്ടുപോയേ.

മാന്യൻ-2 : കഷ്ടമായിപ്പോയല്ലോടാ.

കാക്കാൻ : അയ്യോ അതുകൊണ്ടുപോയേനും വിഷമമില്ലായിരുന്നേ. കൊച്ചുതമ്പ്രാക്കന്മാർ അത് കീറിക്കളഞ്ഞതാണേ വിഷമം. പിന്നവള് അടിയന്റെ കൂടെ കൂടീട്ടില്ലേ.

മാന്യൻ-1 : അതൊന്നും സാരമില്ലെടാ.

കാക്കാൻ : തമ്പ്രാക്കന്മാർക്കതൊന്നും സാരമില്ല. അതുമാത്രമല്ലേ.

മാന്യൻ-1 : പിന്നെന്തെടാ.

കാക്കാൻ : അടിയൻ പൊന്നുപോലെ കൊണ്ടു നടന്ന മൂന്നാല് പാമ്പൊണ്ടാരുന്നേ. അതിനെ സർപ്പയജ്ഞക്കാരുതമ്പ്രാക്കള് കൂടോടെ അടിച്ചോണ്ടുപോയേ. കൂട്ടത്തിൽ അടിയന്റെ പഴംകോണോം കൊണ്ടുപോയേ.

മാന്യൻ-2 : ഇക്കാലത്ത് ആരെങ്കിലും കോണകം ഉപയോഗിക്കുമോടാ നിന്നെപ്പോലുള്ള വിഡ്ഢികളല്ലാതെ.

ഈറ്റ : പണ്ടൊക്കെ കുടുമ്മീം കോണകോം ഉള്ളോരാരുന്നേ കേമന്മാർ.

മാന്യൻ-1 : അക്കാലമൊക്കെ പോയെടാ. ഇപ്പോൾ വെളിക്കുപോകുന്നോരാ കേമന്മാർ.

കാക്കാൻ : അടിയനും വല്ലപ്പോഴുമൊക്കെ വെളിക്കുപോമേ.

മാന്യൻ-2 : എടാ കക്കൂസിൽ പോകുന്ന കാര്യമല്ല പറഞ്ഞത്.

ഈറ്റ : കക്കൂസൊക്കെ തമ്പ്രാക്കൾക്കല്ലിയോ? അടിയങ്ങൾക്കു വല്ല കാടോ കുറ്റിയോ ഉള്ളേ ശരണം. ഇപ്പോൾ ജനങ്ങള് പെരുത്തുപെരുത്ത് അതും ഇല്ലണ്ടായേ.

മാന്യൻ-1 : അതുപോകട്ടെ. നീ നേരത്തെ കളികളൊക്കെക്കളിച്ചു. വെറുതെയല്ലടാ നിനക്കിതൊക്കെ വന്നത്. നിനക്ക് ഗുരുത്വമില്ലെടാ. നീ ഗണപതിയെ ഒന്നു വാഴ്ത്തിസ്തുതിച്ചോ?

കാക്കാൻ : തമ്പ്രാനേ, ഗണപതിയെ വാട്ടിത്തൊലിക്കാനോ?

മാന്യൻ-2 : എടാ വാഴ്ത്തി സ്തുതിക്കാൻ. ഏതുകാര്യം തുടങ്ങിയാലും ഗണപതിയെ വാഴ്ത്തി സ്തുതിക്കണമെടാ, നീയത് ചെയ്തവനല്ല.

കാക്കാൻ : ഓ. വാഴ്ത്തി സ്തുതിക്കാൻ. തമ്പ്രാനോ കൂടിക്കൊണ്ടാട്ടെ.
ആനയായ് പണ്ടൊരുനാൾ
പാർവതിയും ശിവനും
കാണമേവാണീടുമ്പോൾ
ജാതനായേക ദന്തൻ.
കൊമ്പും കുടവയറും തുമ്പിക്കരവുമുള്ള
കുംഭീമുഖനെയിതാ കുമ്പിടുന്നേനടിയൻ.
അന്നുകുബേരനുള്ള മുത-

ലൊന്നൊഴിയാതെയുണ്ട-
വന്ദ്യനാകും ഗണേശ-
നൊന്നുകൂടെത്തൊഴുന്നേൻ.

അന്നത്തെ ഗണപതി കുബേരന്റേതുമാത്രമേ വിഴുങ്ങിയുള്ളേ. പക്ഷെ ഇന്നത്തെ ഗണപതിമാർ കാട്ടിക്കൂട്ടുന്നത് കേട്ടോണ്ടാട്ടെ.

ഇന്നുണ്ടേ ഗണപതിമാർ തെയ്യാം തകതൈ
കലവറയിൽ കള്ളന്മാർ തെയ്യാം തകതൈ
പലവകയും കാണാനില്ലേ തെയ്യാം തകതൈ
ഗണപതിമാരാകെ വിഴുങ്ങീ തെയ്യാം തകതൈ.

മാന്യൻ-1 : നിർത്തെടാ. എന്താടാ നീ അർഥം വച്ചു സംസാരിക്കുന്നത്. നീ എന്താ ഗണപതിമാരെപ്പറ്റി പറഞ്ഞത്? ആരാടാ ഇന്നത്തെ ഗണപതിമാർ?

ചൂരൽ : അയ്യോ കൊമ്പും തുമ്പിക്കൈയുമുള്ള ഗണപതിമാർ ഇപ്പോഴാന്നേ കൂടുതൽ. ഞങ്ങളുടെ കഞ്ഞിയിൽ മണ്ണിട്ടതവരാന്നേ. ആ ഗണപതിമാരു കാരണം അടയത്തുങ്ങള് പണിയില്ലാതെ വഴിയാധാരമായി.

ഈറ്റ : എനിക്കുമൊന്നുണ്ടു പറയാൻ. ഞങ്ങളും ജനിച്ചതീ മണ്ണിലല്ലേ. ഇവിടെ ഭൂമിയും പണവും സമ്പത്തും ചിലരുടെ വകയല്ലേ? ഉടമ നിങ്ങളും അടിമ ഞങ്ങളും. പണിയെടുക്കുവോർ ഞങ്ങൾ മരങ്ങളീറ്റകൾ മുളകളെന്നിവ ഇവിടെ നിന്നെങ്ങുപോയി.

മാന്യൻ-2 : എടാ പണ്ടത്തെക്കാലമൊന്നുമല്ലെടാ. ഈറ്റയും മുളയുമൊക്കെ അങ്ങ് ഫാക്ടറിയിൽ കിട്ടിക്കഴിഞ്ഞാൽ കടലാസും തുണിയുമൊക്കെയാകും. അതൊക്കെയുണ്ടെങ്കിലേ മനുഷ്യർക്ക് ഇന്നു ജീവിക്കാൻ പറ്റൂ.

ചൂരൽ : അപ്പഴ് ഞങ്ങൾക്ക് ജീവിതം വേണ്ടായോ തമ്പ്രാനേ?

മാന്യൻ-1 : എടാ എന്റെ എസ്റ്റേറ്റിൽ തന്നെ എത്ര തൊഴിലാളികളുണ്ടെന്നറിയാമോ? അവരുടെയൊക്കെ കുടുംബം പുലരുന്നില്ലേ?

മാന്യൻ-2 : അധ്വാനിച്ചാൽ ആർക്കും ഇവിടെ സുഖിക്കാം. അതിന് നീയൊന്നും കണ്ണുകടിച്ചിട്ടു കാര്യമില്ല.

ഈറ്റ : അപ്പോഴ് ഈ തമ്പ്രാക്കന്മാരും കുട്ടിഗണപതിമാരാണ്.

മാന്യൻ-1 : എന്തെടാ പറഞ്ഞത്? കൊത്തിക്കൊത്തി മുറത്തിൽ കേറി കൊത്തുന്നോ?

കാക്കാൻ : അവരു പറഞ്ഞതിലും കാര്യമില്ലാതില്ലേ, അടിയന്റെ കൂടി സ്ഥിതിയാണേ അവരു പറഞ്ഞത്.

മാന്യൻ-2 : പണ്ടൊക്കെ കാക്കാമ്മാരും മര്യാദക്കാരായിരുന്നു. ഇപ്പോൾ നീയും ഈ തെമ്മാടികളുടെ ചേരിയിലാണല്ലേടാ?

കാക്കാൻ : ഞങ്ങളെല്ലാം ഒരേ കൂട്ടരാന്നേ.

മൂവരും : ഒന്നുമില്ലാത്ത കൂട്ടർ.

മാന്യൻ-1 : അങ്ങനെയൊരു കൂട്ടരുണ്ടോടാ?

കാക്കാൻ : ഇല്ലാരുന്നേ. ഒണ്ടാക്കിയതാന്നേ.

മാന്യൻ-2 : അപ്പോൾ നിങ്ങൾ മൂന്നുപേരും ഒത്തോണ്ടറങ്ങിയതാണ്?

കാക്കാൻ : അല്ലേ, തമ്പ്രാക്കന്മാർ ഒപ്പിച്ചതുകൊണ്ടെറങ്ങിയതാന്നേ.

മാന്യൻ-2 : നിന്നെയൊന്നും വീട്ടിൽ കേറ്റാൻ കൊള്ളത്തില്ലെടാ.

മാന്യൻ-1 : സംസ്കാരമില്ലാത്ത കാടന്മാർ.

ഈറ്റ : അതു ശരിയാ. കാട്ടുമൃഗങ്ങളിതിലും ഭേദമാ.

കാക്കാൻ : അവുത്തുങ്ങൾ ഇഞ്ചിഞ്ചായി കൊല്ലത്തില്ല.

മാന്യൻ-1 : ഛീ. നിർത്തെടാ.

(കാക്കാൻ മാത്രം മാറിനിൽക്കുന്നു.)

മാന്യൻ-2 : കടന്നുപോയിനെടാ തെണ്ടികളേ.

കാക്കാൻ : വേഗം പോരിൻ കൂട്ടരേ, ഇവർ വലിയ പിടിപാടൊള്ള കൂട്ടരാ.

മാന്യൻ-1 : എന്തെടാ മിഴിച്ചു നിൽക്കുന്നത്?

(മൂവരും കുറേക്കൂടി പിന്നിലേക്ക് നീങ്ങിനിൽക്കുന്നു.)

മാന്യൻ-2 : ഓടെടാ.

(മൂവരും ഉയർന്നുചാടി ഓടുന്നു.)

(മാന്യന്മാർ പിറുപിറുത്ത് കസേരയുമെടുത്തുകൊണ്ടു പോകുന്നു.)

## സീൻ – 2

(വനം തേടുന്നതായി നടിച്ച് പാടിക്കൊണ്ട് കാക്കാനും മറ്റു രണ്ടു തൊഴിലാളികളും പ്രവേശിക്കുന്നു.)

മൂവരും : ചെങ്ങാതിമാരേ പോകാം-നമുക്കൊന്നായ് വനത്തിലേക്ക്
ചെങ്ങാതിമാരേ പോകാം-നമുക്കൊന്നായ് വനത്തിലേക്ക്
ആടും മയിലുകൾ പാടും കുയിലുകൾ
പാടീച്ചാഞ്ചാടി ഒഴുകും പൂഞ്ചോലകൾ
(ചെങ്ങാതി........)
കുന്നുംമലകൾ കൊടുമുടികൾ നല്ല
കാട്ടുമൃഗങ്ങൾ പതുങ്ങും പുൽമേടുകൾ
(ചെങ്ങാതി........)

(മലകയറുന്നതായും ഇറങ്ങുന്നതായും നടിച്ചു നടന്നിട്ട്)

ഈറ്റ : കൂട്ടരേ പണ്ടിവിടമെല്ലാം ഈറ്റക്കാടുകളായിരുന്നു.

ചൂരൽ : ആനക്കൂട്ടങ്ങൾ മേഞ്ഞിരുന്ന അങ്ങേമലയും മൊട്ടമലയായിരിക്കുന്നത് കണ്ടില്ലേ കൂട്ടരേ?

ഈറ്റ : വന്നവഴിക്ക് നാം കണ്ട ആ തോട്ടങ്ങളുടെ സ്ഥാനത്ത് ഘോരവനമായിരുന്നു. പണ്ട് അപ്പന്റെ കൂടെ വരുമ്പോൾ അന്ന്...

കാക്കാൻ : കഥപറഞ്ഞുനിൽക്കാൻ നേരമില്ല കൂട്ടരേ, വരിൻ അങ്ങേ മലയിലെങ്കിലും വനം കാണാതിരിക്കില്ല.

(മൂവരും വീണ്ടും മലകയറുന്നതായി നടിക്കുന്നു.)

ഈറ്റ : പെരുത്ത ദാഹം. ഇവിടെങ്ങും കാട്ടരുവികളുമില്ലേ?

ചൂരൽ : കാടുണ്ടായിട്ടുവേണ്ടേ കാട്ടരുവി?

ഈറ്റ : പണ്ടിവിടൊക്കെ ധാരാളം തേൻകൂടുകളുണ്ടായിരുന്നു. ആ മരങ്ങളുടെ കുറ്റിപോലും കാണാനില്ലല്ലോ.

കാക്കാൻ : എന്റെ തൈവങ്ങളേ വനമൊക്കെ എവിടെ മറഞ്ഞു?

ഈറ്റ : മറഞ്ഞതല്ല കൂട്ടരേ. ഇന്നാള് ആ തമ്പ്രാക്കന്മാരു പറഞ്ഞത് കേട്ടില്ലേ? നാട്ടിലെ തൈവങ്ങൾ വിഴുങ്ങിയതാ.

ചൂരൽ : ഹൊ! ഇനിയൊട്ടും നടക്കാൻ വയ്യ. വശംകെട്ടു.

ഈറ്റ : എനിക്കും വിശപ്പും ദാഹവും സഹിക്കുന്നില്ല.

ചീരൽ : എന്നാൽ നമുക്ക് കുറച്ചിവിടിരിക്കാം. (കാക്കാനും ചൂരലും ഇരിക്കുന്നു.)

ഈറ്റ : അടുത്തങ്ങാനും അൽപം കുടി നീരുകിട്ടുമോ എന്ന് ഞാൻ നോക്കിവരാം. (പോകുന്നു.)

(ഈ സമയം അകലെ നിന്നും ഒരു ഗർജ്ജനം കേൾക്കുന്നു. ഈറ്റ ഭയന്നോടി വരുന്നു. ഇതിനൊത്ത് ചുവടുവച്ച് ഉഗ്രതാണ്ഡവത്തോടെ മലവേടൻ പ്രവേശിക്കുന്നു. കോപം. കയ്യിൽ അമ്പും വില്ലും. കാക്കനും തൊഴിലാളികളും ഒന്നിച്ചുകൂടി ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നു. വേടൻ വിടാതെ കൂടുന്നു. അവസാനം വേടന്റെ മുമ്പിൽ മുട്ടുകുത്തുന്നു.)

വേടൻ : 'ആരെടാ ശാരെന്തടാ ഇവിടേക്കു വന്നീടുവാൻ
കാരണം പറകിന്നു നിന്നുടെ മാറു ഞാൻ പിളർക്കും.'

കാക്കാൻ : 'അയ്യയ്യോകൊല്ലരുതേ പൊയ് പറകല്ലേ ഞങ്ങൾ
കയ്യൂക്കുകാട്ടിടൊല്ലേ വയ്യാത്ത ഞങ്ങളിന്ന്
സ്വൈരമായ് കാട്ടിൽ വാഴാൻ വന്നതാണേ
ചെയ്യരുതാത്തതൊന്നും ചെയ്തതില്ലേ.'

വേടാൻ : 'ചന്ദനമകിൽ വീട്ടിതേക്കുകൾ തിങ്ങിടും വനത്തെ
ഒന്നുപോലെ നശിപ്പിച്ചിട്ടിനി വന്നോ കാടുതേടി?'

ഈറ്റ : ഞങ്ങൾ കാടുനശിപ്പിച്ച കൂട്ടരല്ലേ. ഈ കാടുണ്ടെങ്കിലേ ഞങ്ങൾക്കും ജീവിതമുള്ളേ.

ചൂരൽ : ചൂരലും ഈറ്റയും കൊണ്ട് ജീവിതം കഴിച്ചിരുന്നവരാണേ ഞങ്ങൾ. നാട്ടിൽ പൊറുതിമുട്ടിയതിനാൽ കാട്ടിലെങ്കിലും കഴിഞ്ഞുകൂടാൻ പോന്നതാണേ. ആ ചതിയന്മാരുടെ അടുത്തേക്ക് ഞങ്ങളെ തിരിച്ചോടിക്കല്ലേ. മരിച്ചാലും ഇനി ഇവിടെക്കിടന്നു മരിച്ചോളാമേ.

ഈറ്റ : ഞങ്ങളേയും നിങ്ങളേയും ഒന്നുപോലെ ചതിച്ച് കാടും നാടും മുടിച്ച അക്കൂട്ടരുടെ നേരെയാണേ ഈ അമ്പയയ്ക്കേണ്ടത്.

കാക്കാൻ : അവരുടെ നെഞ്ചാണേ പിളർക്കേണ്ടത്. അതിന് ഞങ്ങളും കൂടിക്കൊള്ളാമേ.

(കാര്യങ്ങൾ മനസ്സിലാക്കി മനസ്സലിഞ്ഞവേടൻ മുന്നോട്ടുനീങ്ങി അമ്പ് സദസ്സിനുനേരെ തൊടുത്ത് നിൽക്കുന്നു. പിന്നിലായി മൂവരും നിൽക്കുന്നു. നിമിഷങ്ങൾ കഴിഞ്ഞ് കാക്കാൻ ശ്ലോകം ചൊല്ലുന്നു.)

കാക്കാൻ : കാടും നാടും മുടിച്ച് കഴിവുകുറവിന്നുള്ള നമ്മെച്ചതിച്ച്
കേമന്മാരായ് നടിച്ച് കെടുതി പലതരം നാട്ടിനുണ്ടാക്കിവച്ച്
കോടിക്കോടിപ്പണത്തിന്നുടമകളിവിടെക്കാട്ടീടും തീക്കളിക്ക്
പാടേമാറ്റം വരുത്താൻ വരിക സഹജരേ ഒന്നു മുമ്പോട്ടുവേഗം.

## മരവും കുട്ടിയും

(കോറസ്സ് രണ്ടു കയ്യിലും മരത്തിന്റെ തൂപ്പുമേന്തി മുഖം മറച്ചു പിടിച്ചുകൊണ്ട് പാട്ടുപാടി താളം ചവുട്ടി സ്റ്റേജിൽ പ്രവേശിക്കുന്നു. വായ്ത്താരി പാടിക്കൊണ്ട് സ്റ്റേജിന്റെ മദ്ധ്യത്തിൽ പുറംതിരിഞ്ഞ് വൃത്താകൃതിയിൽ തൂപ്പുകൊണ്ട് മുഖം മറച്ച് ഒരു വലിയവൃക്ഷത്തിന്റെ ആകൃതിയിൽ നിൽക്കുന്നു.)

പണ്ടു പണ്ടൊരു വന്മരം
മലങ്കാടു പോലൊരു വന്മരം
നാടിനാമര മർമ്മരം ഈ ജീവിതത്തിനൊരീണമായ്
ചെടികളും ചില കളകളും
കിളികളും നറുപൂക്കളും
ഉലഞ്ഞാടും മരങ്ങളും ആ മരത്തിന്റെ തോഴരല്ലോ?
തെയ് തിന്ത ത്തകിട തിന്താ തെയ്തിന്ത ത്തകിടതിന്ത (2)

(പുറംതിരിഞ്ഞ് വട്ടത്തിൽ നിന്നതിനുശേഷം)

ഞങ്ങൾ തൊണ്ടയിടറി കരളുപൊട്ടി
പാടുന്ന പഴംപാട്ട്
ഞങ്ങളും ആ വലിയ മരവും മുടിഞ്ഞപാട്ട് (2)

(താളം ചവുട്ടി ഒരു ലൈനിൽ മുന്നോട്ടുവരുന്നു.

മരത്തിനൊരു കൊച്ചുകുസൃതിക്കുടുക്ക കൂട്ടുകാരനായ്
മരവും കുട്ടിയും കളിച്ചും പറഞ്ഞും കാലം കഴിഞ്ഞേ പോയ് (2)

(വീണ്ടും വൃത്തത്തിലാകുന്നു. കുട്ടി പ്രവേശിക്കുന്നു. മരവും കുട്ടിയും കടങ്കഥ പറഞ്ഞു കളിക്കുന്നു.)

കുട്ടി : (മരത്തിനോട്) അമ്മപ്ലാവുമൊരച്ഛൻ മാവും
ഏട്ടച്ചാര് കടപ്ലാവ്
അനിയത്തി കൂവളവും
ഇളയോരനിയൻ മധുര കാഞ്ഞിരവും
പറ പറ ചൊല്ലി കടം പിടി മരമേ
അല്ലിക്കൊത്ത് മടക്കൂട്ട്

മരം : അറിയില്ലല്ലോ. (താളത്തിൽ കുലുങ്ങിക്കൊണ്ട്)
അറിയില്ലല്ലോ കിടാവേ എന്നുടെ
അറിവിൻ മണ്ടയുടച്ചോ നീ-

കുട്ടി : അയ്യയ്യേ...അയ്യയ്യേ കടമൊന്നായേ-
അപ്പൂപ്പൻ കളിതോറ്റേപോയ്....
(മരം ചിരിക്കുന്നു.)

മരവുമൊത്ത് കളിച്ചുകൊണ്ടിരിക്കെ കുട്ടിപുഴയെ കാണുന്നു. പുഴ കുട്ടിയെ പുഴയോടൊപ്പം പോരുവാൻ ക്ഷണിക്കുന്നു. പുഴ സ്റ്റേജിന്റെ ഒരു വശത്തുനിന്നും താളത്തിൽ കളിച്ച് വരുന്നു. മറുവശത്തേക്ക് പോകുന്നു. ചിലമ്പിന്റെ ശബ്ദം കേൾക്കുന്നു. കുട്ടി ആ ശബ്ദം എവിടെ നിന്നു വരുന്നു എന്ന് അന്വേഷിച്ച് മരത്തെ ചുറ്റുന്നു.

സംഘം : (പാട്ട്) എങ്ങുനിന്നാണെന്നറിഞ്ഞില്ല കേൾക്കുന്നു

കുഞ്ഞു ചിലമ്പൊലികൾ

(ചിലമ്പൊലിയുടെ ശബ്ദം. കുട്ടി ആ ശബ്ദത്തിന്റെ ഉറവിടത്തെ അന്വേഷിക്കുന്നു.)

കുട്ടി : ആരാണീ തീരത്തൊരു പാദസരക്കാരി...
ആരാണാകുഞ്ഞു കുസൃതിപ്പാവാടക്കാരി-

മരം : മറുപടി പറയുന്നു. (പാട്ട് - താളത്തിൽ കളിക്കുന്നു)
അങ്ങു പടിഞ്ഞാറുണ്ടൊരു മുത്തശ്ശി
നീലക്കടൽ മുത്തശ്ശി
തിരയുടെ തോടക്കാതുകളാട്ടി
ചിരിതൂകുന്നൊരു മുത്തശ്ശി
മുത്തശ്ശിക്കഥ കേൾക്കാൻ-
മുത്തങ്ങൾ കൈമാറാൻ-
കൊച്ചുകിലുക്കാംപെട്ടിപ്പെണ്ണവൾ ഓടിപ്പോകുന്നു.
അവളോടിപ്പോകുന്നു.
കിട്ടുന്നതു കുമ്പിളിലാക്കി മുത്തശ്ശിക്ക് കൊടുക്കാൻ
എപ്പോഴും തുള്ളിച്ചാടി പെണ്ണവൾ പോകുന്നു
പെണ്ണവൾ പോകുന്നു.
കരയുടെ കാതിൽ ഇടയ്ക്കിടെ ഇത്തിരി നുണകൾ മൂളുന്നു
അറിയില്ലിപ്പൊഴവളൊരു തികഞ്ഞ പെണ്ണായിട്ടുണ്ട്

(കളി കഴിഞ്ഞ് വീണ്ടും വൃത്താകൃതിയിൽ ആകുന്നു. പുഴ പ്രവേശിക്കുന്നു. കുട്ടിയെ കാണുന്നു. പുഴയും കുട്ടിയും പരിചയപ്പെടുന്നു.)

പുഴ : കുഞ്ഞേ കുഞ്ഞേ പോരുന്നോ?
എന്നുടെ മുതുകത്തേറ്റാം ഞാൻ
ഒത്തിരി നാടുകൾ കാണാം നിറയെ
പൂത്ത മരങ്ങൾ കാണാം
അക്കരെ കാണാം ഇഷ്ടംപോലെ
കുട്ടികളെ കാണാം.

കുട്ടി : അയ്യയ്യോ അങ്ങു ദൂരേക്ക് ഞാനില്ല
ഈ മരത്തെവിട്ട് ഞാനില്ല.

പുഴ : കുഞ്ഞേ കുഞ്ഞേ പോരുന്നോ? (പാട്ട് ആവർത്തിക്കുന്നു. പാടിക്കൊണ്ട് പോകുന്നു.)
കുട്ടി പുഴയെത്തന്നെ നോക്കിനിൽക്കുന്നു.

കുട്ടി : (മരത്തിനോട്) ഇക്കരെ നിന്ന് അക്കരെ കണ്ടിട്ട് ഞാനോടിവരാം.

മരം : വേഗം വരണം. എനിക്കൊറ്റക്കിരിക്കാൻ ഒരു രസവും ഉണ്ടാകില്ല.

കുട്ടി : ഞാൻ വേഗം വരും. (കുട്ടി പുഴയുടെ പിന്നാലെ ഓടിപ്പോകുന്നു. ഹമ്മിംഗ്. തിന്തിമി തിമി... ഒരു രംഗം തീർന്നതുപോലെ. കോറസ്സ് ഇരിക്കുന്നു. വീണ്ടും പഴയ മരം. ആകുന്നു. "അക്കരെ കണ്ട കുട്ടിയും ദുഃഖം തീർക്കുന്ന മരവും."

കുട്ടി വിഷാദത്തോടെ പ്രവേശിക്കുന്നു.

കുട്ടി : അക്കരെ അക്കരെ ഒത്തിരി കൊച്ചു കുട്ടികളെ കണ്ടു. പുസ്തകമേന്തിയ കുട്ടികൾ. പുഴ പറഞ്ഞുതന്നല്ലോ.

മരം : അതാണോ നിന്റെ സങ്കടത്തിനു കാരണം. നീ സങ്കടപ്പെടരുത്. നിനക്കു ഞാനില്ലേ? ദാ നോക്ക് (മരം പാട്ടു പാടി കുലുങ്ങുന്നു.)

കാണുന്ന കൊമ്പത്തും
കാണാത്ത കൊമ്പത്തും
എത്തും കൊമ്പത്തും
എത്താ കൊമ്പത്തും
കിട്ടും പഴമെല്ലാം പറിച്ചുവിറ്റോളൂ
ഒക്കും വരെ നീ പഠിച്ച് വലുതായിക്കോളൂ (2)

(തിന്തിമി തെയ്യാരോ ഓതെയ്യം തിന്തിമി തെയ്യാരോ എന്ന താളാത്മകമായ പശ്ചാത്തലത്തിൽ കുട്ടി പഴങ്ങൾ പറിച്ച് കുട്ടയിൽ നിറക്കുന്നു. പോകാൻ നേരത്ത് മരം.)

മരം : എനിക്കെന്നും നിന്നെ കാണണം. നീ വരുമല്ലോ?

കുട്ടി : ഞാൻ എന്നും നിന്നെ കാണും. ഞാൻ ഈ പഴമെല്ലാം ചന്തയിൽ കൊണ്ടുപോയി വിൽക്കട്ടെ. (കുട്ടി പോകുന്നു.)

വർഷങ്ങൾക്കുശേഷം കുട്ടി യുവാവായി തിരിച്ചുവരുന്നു. യുവാവിന്റെ മുഖത്ത് വിഷാദം മരങ്ങളുടെ പാട്ട്.

മരം : എന്തേ വിഷാദം. നാളേറെയായിട്ടും എന്തേയീ കൺകളിൽ നിതാന്ത ദുഃഖം

കുട്ടി : (വ്യസനത്തോടെ) എനിക്ക് മഞ്ഞും മഴയും കൊള്ളുവാൻ വയ്യെന്ന് നിനക്കറിഞ്ഞുകൂടേ? എനിക്കൊരു വീടു വേണം. ഞാൻ ആരോടാണതു പറയുക. നിനക്ക് എന്നെ സഹായിക്കാനാകുമെന്ന് പരശു എന്നോട് പറഞ്ഞു.

മരം : ആരാണീ പരശു?

കുട്ടി : എന്നോടൊത്തു പഠിച്ചവൻ, നാട്ടിൽ മാന്യൻ. നേതാവ്.

മരം : എത്രകാലം നിന്നെ കൺനിറയെ കാണാൻ
എൻ കുട്ടി ഞാൻ കൺപാർത്തിരുന്നു.
എത്രയായാലും നിന്റെ മോഹം തീർക്കാൻ
ഒക്കുന്നതത്രയും നൽകിടാം ഞാൻ.
ഒരു ശാഖ നീ കൊണ്ടുപൊയ്ക്കോളൂ
എന്റെ മറുഭാഗമീഭൂവിൽ വിട്ടേയ്ക്കൂ.

(കുട്ടി മരത്തിന്റെ ശാഖ മുറിക്കാൻ ആരംഭിക്കുന്നു. പുഴ പ്രവേശിക്കുന്നു.)

പുഴ : പക്ഷെ കൈമറന്നുള്ള ദാനം
ഭിക്ഷാം ദേഹിതൻ അത്യാഗ്രഹം
നല്ലതല്ലാ രണ്ടുമെന്നോർത്തിടേണം
നല്ലതല്ലാത്തതു ചെയ്യാതിരിക്കണം

(മരം ഏറ്റുപാടുന്നു. മരത്തിന്റെ ശാഖ മുറിച്ചതിനുശേഷം കുട്ടിയോട് മരം.)

മരം : മോനേ അക്കരെ നീ തീർക്കുന്നു മേൽക്കൂര. ഇക്കരെ ഞാൻ ഒറ്റയ്ക്കും. എനിക്കങ്ങോട്ട് വരാനാവില്ലല്ലോ. നിന്റെ വിശേഷങ്ങൾ എങ്ങനെ ഞാനറിയും?

കുട്ടി : എന്റെ വിശേഷങ്ങൾ ഞാൻ പുഴയോട് പറഞ്ഞുവിടാം.

(കുട്ടി പോകുന്നു. മുറിച്ചിട്ട ശാഖയും എടുക്കുന്നു.)

സംഘം : I ഇലകൾ കൊഴിഞ്ഞു
II പൂക്കൾ വിരിഞ്ഞു
III വരുമവൻ എന്നെങ്കിലും മരം കാത്തിരുന്നു.

സംഘം : (എല്ലാവരും ചേർന്ന്) എന്നാൽ ഒരുനാൾ അവനു പകരം വന്നത് പരശു ആയിരുന്നു. (തലയിൽ മഴുവിന്റെ കിരീടം വച്ചുകൊണ്ട്. (മുഖം മറച്ചുള്ളത്) പരശു കടന്നുവരുന്നു. പരശുവിനെ കണ്ടമാത്രയിൽ മരത്തിന്റെ കുടുംബം ഭയന്നുപോയി. വിറയ്ക്കുന്നു.)

പരശു : (മരത്തെക്കണ്ട് സ്വാഗതം) ഹായ് ഹായ് ഇവനൊന്നല്ലല്ലോ. സുഗന്ധം പടർത്തും ചന്ദനം, ഈടുറ്റ വീട്ടി, കരുത്തുറ്റ തേക്ക്, സൗന്ദര്യമുള്ള ഇരുൾ, ഹായ് ഹായ് ഇതൊരു കലവറ തന്നെ.

(പരശു മരത്തിനോടടുത്തപ്പോൾ മരം ഭയന്ന് ഒരു വശത്തേക്ക് മാറുന്നു.)

പരശു : എന്തെന്റെ മരമേ അന്യനെപ്പോലെന്നോട് ഞാൻ നിന്റെ കൂട്ടുകാരൻ കുട്ടിയോടൊത്തു പഠിച്ചവൻ. നാട്ടിൽ മാന്യൻ, എല്ലാവർക്കും നേതാവ്, വൈശ്യൻ, വണിക്ക് ദേശദേശാന്തരങ്ങളിൽ എന്റെ കച്ചവടം വ്യാപിച്ചുകിടക്കുന്നു.

മരം : (ഭയത്താൽ) നിനക്ക് എന്താണ് വേണ്ടത്.

പരശു : അയ്യോ എനിക്കൊന്നും വേണ്ടേ. ഞാൻ വന്നത് കുട്ടിക്കായ്. അവൻ മിടുക്കൻ, അവൻ വളർന്ന് വലുതാകുന്നു. അവന് മിടുക്കനാകാൻ യാത്ര വേണം. ദൂരെ ദൂരേക്ക്. കടൽ കടന്നുള്ള

യാത്ര; ഇനിയുമിനിയും വലിയവനായ് വളർന്നീടാൻ. അതിനായ് തോണി വേണം. അതിന് നിൻ തായ് തടി വേണം. അവനുവേണ്ടി നീ മരിക്കണം.

മരം : (പേടിച്ച്). അരുതരുത്. അതു പറയരുതേ മകനേ.
ഞാൻ നിലനിൽക്കണമീ മണ്ണിൽ മകനേ
കടയറ്റു കിടന്നാലീ കിലുകിലുകിലെ ഒഴുകുന്ന
പുഴ ചാകും, മഴ പോകും, നീ ചാകുമവൻ ചാകും.

പരശു : (ദേഷ്യപ്പെട്ടുകൊണ്ട്) ധിക്കാരം പറയുന്നോ. വെട്ടും ഞാൻ കൊത്തും ഞാൻ, നീയും നിന്റെ വംശവും ഞങ്ങൾക്കായ് ജനിച്ചവർ, എപ്പോൾ വേണമോ അപ്പോൾ നിങ്ങളെ ഞാൻ മുറിക്കും. വിൽക്കും, കാശാക്കും.

മരം : നീ ലാഭക്കൊതിയൻ മഴുവാണ്. നിന്റെ സ്വഭാവം ഈ ഭൂമിക്കുതന്നെ ശാപം.

പരശു : നിന്റെ അറിവെനിക്ക് പുല്ലാണ്. വെട്ടും ഞാൻ, കൊത്തും ഞാൻ, കത്തിക്കരിയ്ക്കും, പിന്നെ നിന്നിൽ ഞാൻ തീർക്കും ശില്പങ്ങൾ.

(ഇതാവർത്തിച്ചു പറഞ്ഞുകൊണ്ട് മരങ്ങളെ ഓടിച്ചിട്ട് പിടിച്ച് വെട്ടി വീഴ്ത്തുന്നു.)

പരശു ചിരിച്ച് അട്ടഹസിച്ച് പോകുന്നു.

വർഷങ്ങൾക്കുശേഷം കുട്ടി വൃദ്ധനായ് തിരിച്ചുവരുന്നു. ഓരോ ആളുകൾ എഴുന്നേറ്റ് വന്ന് പറയുന്നു.

I : അതെ മനുഷ്യൻ സ്വന്തം ദുരിതങ്ങൾ സൃഷ്ടിക്കുന്നു.

II : കൂട്ടത്തിൽ നിഷ്ക്കളങ്കയായ പ്രകൃതിയെ മുറിപ്പെടുത്തുന്നു.

III : മലയിലെ പാറയിടുക്കിൽ പുഴ ചത്തൊടുങ്ങി.

IV : സൂര്യൻ തീനാളങ്ങളെ ഭൂമിയിലേക്കയച്ച് എല്ലാറ്റിനേയും ചുട്ടുകരിച്ചു.

V : ഒന്നു തളിർക്കാൻപോലും ഒരു മഴ പെയ്തില്ല.

ഒരുനാൾ ഒരു വൃദ്ധൻ (വൃദ്ധൻ കടന്നുവരുന്നു.)
വ്യാഴവട്ടപ്പൂക്കൾ വാടിക്കരിഞ്ഞേ പോയ്
വേപഥു പൂണ്ടൊരു വൃദ്ധൻ
വേനലിൽ വീണും തളർന്നും കുഴഞ്ഞും
ദാഹിച്ചു കണ്ഠം കരിഞ്ഞും
പാദങ്ങൾപ്പൊള്ളിപ്പഴുത്തും
വ്രണങ്ങളിൽ വേദനകൾ കാത്തുവച്ചും
തേടുന്നു ചിന്തുതണൽ മരക്കൊമ്പിന്റെ
സ്നേഹവാത്സല്യങ്ങൾ പാവം.

(വിഷമിച്ച് മരക്കുറ്റിയെ കെട്ടിപ്പിടിച്ച് ഇരിക്കുന്നു.)

വൃദ്ധൻ : എങ്ങും തപിക്കുന്ന സൂര്യന്റെ കാർക്കശ്യം മാത്രം
എനിക്കിത്തിരി തണൽ താ-
ഞാൻ മരിച്ചുപോകും. ഞാൻ നിന്റെ
പ്രാണനല്ലേ.

മരക്കുറ്റി : ഞാൻ മരിക്കാറായി കിടക്കുന്ന കുറ്റിയായ മരം മാത്രം. എനിക്ക് ദാനം ചെയ്യാനുണ്ടായിരുന്നതെല്ലാം നിന്റെ കൂട്ടുകാരൻ നിനക്കെന്നു പറഞ്ഞ് തട്ടിക്കൊണ്ടുപോയി. ഞാൻ നിസ്സഹായൻ.

വൃദ്ധൻ : എനിക്കിത്തിരി തണൽ താ? (അവശനായി)

മരക്കുറ്റി : ഞാൻ നിസ്സഹായൻ (മൂന്നു തവണ).

സംഘം : I ഞങ്ങൾ കണ്ടകാലത്തീ മരക്കുറ്റി പുണർ
ന്നൊരു വൃദ്ധശരീരം പൊരിവെയിലിൽ
കരിഞ്ഞും വിണ്ടുണങ്ങിയും ഞങ്ങൾ തൻ
പ്രപിതാവിൻ ദുരന്തസ്മാരകമായ്.

സംഘം : II ഈ സ്മാരകം ഞങ്ങളിലുണർത്തുന്നുണ്ടൊരു
ഭയം. ലാഭക്കൊതിയന്മാരായ മേലാളന്മാർ

വെട്ടുന്നു, കൊത്തുന്നു വൻകാടുകൾ.
തീർക്കുന്നീ ഭൂമിയെ മരുഭൂമിയായ് അതിനാൽ ഞങ്ങൾ
തൊണ്ടയിടറി
കരളുപൊട്ടി പാടുന്ന
പഴംപാട്ട്
ഞങ്ങളും ആ വലിയ മരവും മുടിഞ്ഞപാട്ട്
പണ്ടുപണ്ടൊരു വന്മരം
മലങ്കാടുപോലൊരു വൻമരം.
എല്ലാവരും കൂടി എഴുന്നേറ്റ് വരിയായി നിന്ന് പാടുന്നു.

## ഭൂമി

(മൂന്നുപേർ ഒരു ഭൂഗോളത്തെ കയ്യിൽവെച്ചുകൊണ്ട് വരുന്നു. ഓരോരുത്തർക്കും പുറകിൽ ഒരാൾ വീതം വരുന്നു. ഭൂഗോളത്തെ ചുമന്നവർ വേദിയുടെ മധ്യഭാഗത്തായി മുട്ടിൽ ഇരിക്കുന്നു. പുറകിൽ വന്നവരും മുട്ടിൽ ഇരിക്കുന്നു. ഗായകൻ വേദിയുടെ ഇടതുഭാഗത്ത്)

ഗായകൻ : സംവത്സരങ്ങളായ് നമ്മുടെ സങ്കൽപങ്ങളി-
ലെന്നും മരിക്കാത്തൊരീഭൂമി,
വരുമൊരു തലമുറയിൽനിന്നും നമ്മൾ കടംവാങ്ങിയ
തിരികെയേൽപിക്കേണ്ടൊരീ ഭൂമി.

(ഭൂമിയും അത് ചുമന്നവരും പതുക്കെ എഴുന്നേൽക്കുന്നു.)

ഗായകൻ : ഇതു പ്രപിതാക്കൾ തന്നൊരു സ്വത്തല്ല
ഇതു ധൂർത്തപുത്രർക്കായ് ആവോളം കവരുവാൻ
കരുതിയ അളവില്ലാ കലവറയല്ല

(മറ്റ് മൂന്നുപേർ പാടിക്കൊണ്ട് മുന്നിലേക്കു വരുന്നു. പാടിത്തീരുന്നതോടെ ഭൂഗോളവുമായി ഒരാൾ ഒരരികിലേക്കു നീങ്ങുന്നു. മറ്റുള്ളവർ വേദിയുടെ പിൻഭാഗത്തായി ഒരു മലപോലെ ഒന്നിനു പിറകിലായി അണിനിരക്കുന്നു.)

ഗായകൻ : മലകളെ മാറത്തടുക്കി കിടക്കുന്ന കരകളിൽ
ഈ സമതലങ്ങളിൽ (2) (മലയായി നിന്നവർ ഏറ്റുപാടുന്നു)
യുഗാന്തരങ്ങൾക്കപ്പുറമീമണ്ണിൽ
തണലും തണുപ്പും താരും തളിരുമായ്
ഹൃദയത്തിൽ ശ്യാമോഷ്മളസൗന്ദര്യമായ്
(കോറസ്സ് മരങ്ങളും മനുഷ്യരുമായി മാറുന്നു. മരത്തണലിൽ ഇരുന്ന് വിശ്രമിക്കുകയും ഓടിക്കളിക്കുകയും ചെയ്യുന്നവർ.)

ഗായകൻ : തരുനിരകൾ താരാട്ടി മടിത്തട്ടിലുറക്കി
തലമുറകളതിൻ തണലിൽ വളർന്നുണർന്നു (2)

(ഒരു ചാഞ്ചാട്ടത്തിന്റെ ചലനങ്ങൾ...അവസാനം മയക്കം, ഉറക്കം) Pause പിന്നെ ശക്തമായ ഇടി, മഴ, കൊടുങ്കാറ്റ്. മരങ്ങൾ ആടിയുലയുന്നു. മനുഷ്യർ ഭയന്നു വിറക്കുന്നു.)

ഗായകൻ : കിടിലം വിറപ്പിക്കുമിടിമിന്നലുകൾ
അവരുടെ ഹൃദയങ്ങൾ കീറിപ്പടർന്നപ്പോൾ
അവളാശ്രയം അമ്മിഞ്ഞപ്പാലിൽ വാത്സല്യമായ്
അവിടെ രക്ഷകയായ് നിലകൊണ്ടു.

(മരങ്ങൾ ശാന്തമാവുന്നു. അവയുടെ ചുവട്ടിൽ അഭയം തേടുന്ന മനുഷ്യർ.)

ഗായകൻ : കരയുടെ സ്നേഹംപോലെ വഴിഞ്ഞൊഴുകും പുഴകൾ
അവരുടെ ദാഹങ്ങൾക്ക് കുളുർനീരേകി...

(പുഴ. പുഴയിൽ കളിക്കുന്ന കുട്ടികൾ. വെള്ളം കുടിക്കുന്നവർ.)

ഗായകൻ : അവരുടെ പടരും ജഠരാഗ്നി തണുപ്പിക്കാൻ
വയലുകളിൽ വിളകൾ, മരങ്ങളിൽ ഫലങ്ങൾ

(മരങ്ങൾ-ഫലങ്ങൾ പറിച്ചെടുക്കുന്ന മനുഷ്യർ.)

അവരുടെ സായംസന്ധ്യകൾ ചുവപ്പിക്കാൻ
ചോരയിൽ പിടയുന്ന സൂര്യൻ-ഉയരുന്ന ചന്ദ്രൻ.

(കോറസ്സ് വേദിയുടെ വലതുഭാഗത്ത് ഗ്രൂപ്പായി നിന്ന് അസ്തമയവും പിന്നെ ആകാശത്തെ ചന്ദ്രനേയും കാണുന്നു. കണ്ണുകൾക്കു മാത്രം ചലനം.)

ഗായകൻ : അവരുടെ രാവുകളെ പാൽക്കടലിൽ കുളിപ്പിക്കാൻ
പുലരുംവരെ എരിയുന്ന ചന്ദ്രൻ

(നിലാവിൽ അതിന്റെ സുഖമനുഭവിക്കുന്ന മനുഷ്യർ-കുളിരുന്നതായി നടിക്കുന്നു.)

ഗാ : എവിടെയാത്തരുനിരകൾ ചുരത്തും
അമ്മിഞ്ഞപ്പാലെവിടെ-

(ഗ്രൂപ്പ് ഒന്നിച്ച് വേദിയുടെ ഒരു മൂലയിലേക്ക് - സ്റ്റിൽ)

ഗായകൻ : അലറിവരും അറവാളുകൾ തൻ പല്ലിലൊതുങ്ങുന്നു.

(ഈർച്ചവാളിന്റെ ശബ്ദം-കോറസ്സ് മുമ്പത്തെ സ്റ്റിൽ തന്നെ. ഒരു ഭാഗത്ത് പണമെണ്ണുന്ന ഒരു മുതലാളി-സ്റ്റിൽ)

ഗായകൻ : അകലങ്ങളിലേതോ കീശകൾ നിറയുന്നു.

ഗായകൻ : എവിടെയാമണ്ണിന്റെ വിരിമാറിലൊഴുകുന്ന പുഴകൾ

(ഗ്രൂപ്പ് ഒന്നിച്ച് മറ്റൊരു ദിശയിലേക്കു നീങ്ങി - സ്റ്റിൽ)

ഗായകൻ : നുരയും കൃമികൾ പെരുകും മലിനജലം
ഉയരും ആസ്തികളുടെ പുതുപട്ടികകൾ.

(കോറസ്സ് ശക്തമായി പറയുന്നു. "കരുതുക. കരുതുക നിങ്ങളോർത്തിരിക്കുക ഓർത്തിരിക്കുക നിങ്ങളോർത്തിരിക്കുക"-ഇങ്ങനെ പറഞ്ഞുകൊണ്ട് സദസിനഭിമുഖമായി വരുന്നു.

ഗായകൻ : ഗതകാലതലമുറകൾ പൈതൃകമായേൽപിച്ചൊരു
തറവാട്ടുധനമല്ല ഭൂമി.

('തറവാട്ടുധനമല്ല ഭൂമി' എന്ന് കോറസ്സ് ശക്തമായി 2 തവണ പറയുന്നു.)

ഗായകൻ : വരുമൊരു തലമുറയിൽനിന്നും നമ്മൾ കടംവാങ്ങിയ
തിരികെ ഏൽപിക്കേണ്ടൊരീഭൂമി.

(സദസിൽനിന്നും ഒരു കുട്ടിയെ കൂട്ടിക്കൊണ്ടുവരുന്നു.)

ഗായകൻ : ഈ നമ്മളെ ഈ നമ്മളായ് മാറ്റിയ ഭൂമി, (കോറസ്സ് ഏറ്റുപാടുന്നു)
ഈ ദുഷ്ടർ മരുഭൂവാക്കും നമ്മുടെ ഭൂമി. (കോറസ്സ് ഏറ്റുപാടുന്നു)
ഈ നമ്മൾ മരുഭൂവാക്കൊല നമ്മുടെ ഭൂമി.

(ഭൂഗോളം എടുത്തുകൊണ്ടുവന്ന് കുഞ്ഞിന് കൈമാറുന്നു.)

**പുതിയഗീതകം**

ഈ നീലവാനങ്ങളിൽ
ഒഴുകിയെത്തുമിളംകാറ്റിൽ കളകളം പാടുമീ പുഴകളിൽ വിഷം തുപ്പു-
മസുരരേ ഞങ്ങൾ വന്നിതാ ഈ-
പുതിയ കുരുക്ഷേത്ര ഭൂമിയിൽ
ഈ- പുതിയ കുരുക്ഷേത്ര ഭൂമിയിൽ
ഞങ്ങളീ മനുഷ്യേകീ അഗ്നി, അക്ഷരം അറിവും
നിങ്ങളീതിരിച്ചു നൽകീ ബോംബുകൾ, മിസൈലുകൾ
ഞങ്ങളീ പ്രപഞ്ചസത്യമെങ്ങുമാർത്തു പാടിയപ്പോൾ
നിങ്ങൾ നാവുകൾ അറുത്തു കുരുതിയൊരുക്കീ
ഒരു കോപ്പവിഷം മിഴിയടഞ്ഞ സോക്രട്ടീസ്
ഒരു തീപ്പന്തം, വെന്തെരിഞ്ഞ ബ്രൂണോ
പുത്രിയുടെ ശവം മിഴിനിറഞ്ഞ മാർക്സ്

എത്ര കുരിശുകൾ ചരിത്രപാതയിൽ
ഇന്നുമാ കരിഞ്ഞ മാംസഗന്ധമരിച്ചെത്തുന്നു
നിങ്ങൾ തീർത്ത ഹിരോഷിമകളും നാഗസാക്കി
മണ്ണുമാർത്തു ചിരിച്ചിടുന്നു.
കൊന്നുകൂട്ടുവാൻ മനുഷ്യരാശിയെ-
ഒരൊറ്റക്കുമ്പിൾ ഭസ്മമാക്കുവാൻ നിങ്ങൾ-
തീർത്തുകൊള്ളൂ നൂറു ബോംബുകൾ
പക്ഷെ, ഞങ്ങൾ നിങ്ങൾ വിഷമൊരുക്കി ജീർണ്ണമായ
നൈൽ തെംസ് ഗംഗ യമുന ചാലിയാർ തീരവാസികൾ
ഞങ്ങൾ മർത്ത്യരൊത്തു പാടിടുന്നു പുതിയ ഗീതകം.

## പെരിയാർ

പെരിയാർ പെരിയാർ പെരിയാർ
പ്രകൃതി തന്നുടെ സമ്മാനം
നമ്മുടെ നാടിന്നഭിമാനം
പെരിയാർ പെരിയാർ പെരിയാർ
ദേവിയാർ കുട്ടൻ പുഴപന്നിയാർ ഇരട്ടയാർ
കാനനത്തിൽ നിന്നൂറും നല്ലൊരു മുല്ലപ്പുഴ
മുതിരപ്പുഴ, കല്ലാറിടമനയാറും ചേർന്ന്
പെരിയാർ മലനാടിന്നാത്മാവായൊഴുകുന്നു.
കേരള മാതാവുതൻ മക്കൾക്കുമാറിൽ നിന്നു
മേകുന്നോരമൃതല്ലോ ധന്യയീപെരിയാറ്

പള്ളിവാസൽ വെള്ളത്തൂവൽ നെര്യമംഗലമിടുക്കി
എല്ലാപദ്ധതിയിലും വച്ചുന്നതമല്ലോ
ലോവർ പെരിയാറും കല്ലാർപന്നിയാർ പെരിഞ്ചാൻകുട്ടി
പൂയാൻ കുട്ടി ലക്ഷ്മിയിടമലയിങ്ങനെ
അധ്വാനിക്കും കരങ്ങൾക്കു ശക്തിനൽകും വിദ്യുഛക്തി
നിലയങ്ങൾ, ജനം നൽകും സംഭരണികൾ

കർഷകൻമാർക്കുകനിവേകുമമ്മയായ്
നിഷ്ക്കളങ്കനിലകൊൾകയോ നീ?
അഴകൊഴുകും ദേശങ്ങളെ തഴുകി
ഒഴുകി വരുമുഷസ്സെന്നപോലെ
മലയാറ്റൂരെന്ന പ്രസിദ്ധമായ
സ്ഥലവും കടന്നെത്തി കാലടിയിൽ
ഇവിടാദിശങ്കരൻ ജാതനായോ-
രിടമല്ലേ പണ്ടേ പ്രസിദ്ധമല്ലോ.
മഹനീയ മയൊരു കാഴ്യകാണാം
അതിനൊട്ടുതാഴെയായൊന്നു നോക്കാം
വിലസും മണൽപ്പുറം ആലുവായിൽ
ശിവരാത്രിയാഘോഷമെത്രകേമം

ഇവിടം വ്യവസായകേന്ദ്രമല്ലേ,
അതിനുനിദാനം ഭവതിയല്ലേ
കനിവേറുമമ്മയെ കാള കൂട-
ക്കടലാക്കി മാറ്റുന്ന കൈകളേത്?

# കുടിയോടെ പോരുക

കാടെല്ലാം പോയി. കിഴക്കൻ മലകൾ മൊട്ടക്കുന്നുകളായി മാറിയിരിക്കുന്നു. പശുക്കളുടെ കുടലാകെ പുഴുത്തിരിക്കുന്നു. ആറ്റിൽ മീനില്ല. തെങ്ങിന്റെ മണ്ടയിൽ കള്ളില്ല. പണം വാരിക്കൂട്ടാനായി ചില തമ്പ്രാക്കൾ നടത്തുന്ന ഈ കൊല്ലാക്കൊല നിർത്താനായി കുടിയോടെ ഇറങ്ങാം കൂട്ടരെ.

(തൊപ്പിപ്പാളവെച്ച് അരയിൽ മണികെട്ടി ഏഴുപേർ വരിയായി കടന്നുവരുന്നു. അർധവൃത്താകൃതിയിൽനിന്ന് താളംമുട്ടി വായ്ത്താരി ആലപിക്കുന്നു.)

സംഘം : തെയ്യത്തക തെയ്യത്തക തെയ്യത്തക താരോ.... (2)
തിത്തരികിട തിത്തെയ്യം തത്തരികിട താരോ.... (2)
(വിരുത്തം)

ഒരാൾ : ചീരത്തും കാവിലെ തേവരുടെ കിറുപയ്ക്കായ്
തറയിലേ കൂട്ടരുടേ കളയുണ്ടെന്റെളിയയോ....

(സംഘം വരികളുടെ അർഥത്തിനനുസരിച്ച ചേഷ്ടകൾ കാണിക്കുന്നു. ചുവടുവെച്ച് കളിച്ചുകൊണ്ട്.)

കളിയുണ്ടെന്റളിയോ കളിയുണ്ടെന്റളിയോ
പറകൊട്ടി മണികെട്ടി കളിയുണ്ടെന്റളിയോ (2)
തെയ്യത്തക തെയ്യത്തക....
.......................... (2)

(അംഗവിക്ഷേപത്തോടുകൂടി വിരുത്തമായി)

ഒരാൾ : കളിത്തറ മെഴുകാന് ചാണോം വാരാന്
ചാണോക്കൊട്ടയ്ക്കു ചൂലരുവെട്ടാന്
സൂരിയൻ കിളിക്കണ മലനോക്കി പോയേ
മലനോക്കിചെന്നപ്പോ മലയായ മലയെല്ലാം
അലിയാരുമാപ്ലേടെ തലപോലെന്റളിയോ

സംഘം : അലിയാരുമാപ്ലേടെ തലപോലെന്റളിയോ

(സംഘം മറ്റൊരു ചുവടുവെച്ച് കളിച്ചുകൊണ്ട്)

സംഘം : തെയ്യത്തക തെയ്യത്തക തെയ്യത്തക താരോ
തിത്തരികിട തിത്തെയ്യം തത്തരികിട താരോ (2)

(വിരുത്തം)

മറ്റൊരാൾ : കണ്ടംചിറത്താഴെ ചാണോംതേടി
കണ്ടങ്ങളു കണ്ടങ്ങളു പരതിയെന്റളിയോ
പശുതൂറണ ചാണോത്തിന് ചോരനാറ്റം
പശുക്കടെ കൊടലാകെ പുഴുത്തിട്ടെന്റളിയോ

സംഘം : പശുക്കടെ കൊടലാകെ പുഴുത്തിട്ടെന്റളിയോ

(മറ്റൊരാൾ ചുവടുവെച്ച് കളിച്ചകൊണ്ട്)

തെയ്യത്തക തെയ്യത്തക തെയ്യത്തക താരോ
തിത്തരികിട തിത്തെയ്യം തത്തരികിട താരോ (2)
(വിരുത്തം)
(അംഗവിക്ഷേപത്തോടുകൂടി)

വേറൊരാൾ: തേവരുടെ ചാവൂട്ടിന് കാട്ടിലെ പന്നീനേ
വേട്ടയ്ക്കു പൊതീംകെട്ടി പോയേനെന്റളിയോ
കാടില്ല കാട്ടിലു പന്നിപോയിട്ട്

പന്നിയെലീംകൂടി കെടച്ചില്ലെന്റിളിയോ

സംഘം : പന്നിയെലീംകൂടി കെടച്ചില്ലെന്റിളിയോ

(വേറൊരു ചുവടുവെച്ച് കളിച്ചുകൊണ്ട്)

തെയ്യത്തക തെയ്യത്തക തെയ്യത്തകതാരോ
തിത്തരികിട തിത്തെയ്യം തത്തരികിടതാരോ (2)
(വിരുത്തം)

വേറൊരാൾ: ആറ്റുവരാലുപ്പിട്ട് തേങ്ങാപ്പീരേം
കാന്താരീം ചതച്ചിട്ട് പൊതിഞ്ഞുകെട്ടി
വാഴേലകീറ്റില് പൊതിഞ്ഞുകെട്ടി
അടുപ്പിലിട്ടരനാഴിക ചുട്ടെടുത്താൽ
അതിനോളം തേവർക്ക് കൊശിമറ്റില്ലളിയോ
തേവർക്കുകൊശിയാക്കാൻ ആറ്റില്പ്പോയി
കയമായകയമെല്ലാം മുക്കിളിയിട്ടളിയോ
വങ്കായവങ്കെല്ലാം മൊളഞ്ഞേനെന്റളിയോ
മുടിയാനക്കൊണ്ടിട്ട്
മുടിയാനക്കൊണ്ടിട്ട് മീനെന്നജാതീന്റെ
നിഴലുംകൂടവിടെങ്ങും കണ്ടില്ലെന്റളിയോ
നിഴലുംകൂടവിടെങ്ങും കണ്ടില്ലെന്റളിയോ
(ചുവടുവെച്ച്)

സംഘം : തെയ്യത്തക തെയ്യത്തക തെയ്യത്തക താരോ
തിത്തരികിടതിത്തെയ്യം തത്തരികിടതാരോ (2)
(അംഗവിക്ഷേപത്തോടുകൂടി)

ഒരാൾ : തേവരക്കു തിരുവുള്ളം പതച്ചൊന്ന് കേറാന്
പഴംകൊടോം എടുത്തോണ്ടുപോയേന്റളിയോ
ചെത്തീട്ടും ചെത്തീട്ടും കൊട്ടീട്ടും കൊട്ടീട്ടും
തെങ്ങിന്റെ മണ്ടേല് കള്ളില്ലന്റളിയോ

സംഘം : തെങ്ങിന്റെ മണ്ടേല് കള്ളില്ലന്റളിയോ
(ചുവടുവെച്ചുകളിച്ചുകൊണ്ട്)

തെയ്യത്തക തെയ്യത്തക തെയ്യത്തക താരോ
തിത്തരികിട തിത്തെയ്യം തത്തരികിട താരോ (2)

ഒരാൾ : തേവരുകാക്കണ കാടെല്ലാം പോയേ....

രണ്ടാമൻ : തേവരുചൊരത്തണവെള്ളം വെഷമായേ....

മൂന്നാമൻ : തേവരുക്കൊരുക്കാനൊരു വകയില്ലാണ്ടായേ....
(സംഘം നിരാശരായിട്ടിരിക്കുമ്പോൾ)

നാലാമൻ : പണംവാരിക്കൂട്ടാൻ ചെലതമ്പ്രാക്കളുകാട്ടും
പണിയാണിതുകൊല്ലാക്കൊല അതിനാ
ലെന്റളിയോ
കളിവിട്ടുകാരിയം തൊടങ്ങാമെന്റളിയോ
അതിനായികുടിയോടെ പോന്നോളന്റിളിയോ

(സംഘം-2)
(ദ്രുതതാളത്തിൽ)

തെയ്യത്തക തെയ്യത്തക തെയ്യത്തക താരോ
തിത്തരികിട തിത്തെയ്യം തത്തരികിട താരോ (2)

## വിഷവാഹിനി

പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള

മണ്ണിന്റെ മക്കളെയും കടലിന്റെ മക്കളെയും കണ്ണീരിലാഴ്ത്തിയ അതേ കൊടിയ കള്ളന്മാർതന്നെ നാട്ടിലെ പുഴകളായ പുഴകളെല്ലാം വിഷമയമാക്കിയിരിക്കുന്നു.

(വഞ്ചിപ്പാട്ട്)

വരിക വരിക വേഗം സഹജരെയൊരുമിച്ച്
തുഴയെടുക്കുവിൻ ദുഃഖത്തിരമുറിക്കാൻ (തിത്തിത്താരാ...)

അഴകേറും പുഴകളെ വിഷമാക്കി ജനതയെ
കൊലചെയ്യും കഴുകന്മാർക്കെതിരെ നീങ്ങാൻ (ഓ തിത്തിത്താരാ...)
കരിയോയിൽവരുന്നതോ വിഷമോ വെള്ളമോ ആറ്റിൽ
കരിനാഗം കിടക്കയോ കാളകൂടമോ (ഓ തെയ്തെയ്തകത....)
കുടിക്കാനോ കുളിക്കാനോ നനയ്ക്കാനോ കൃഷിക്കുകൊ
ണ്ടൊഴിക്കാനോ കക്കാവാരിയെടുക്കുവാനോ
മണൽവാരാനിറങ്ങാനോ മത്സ്യം പിടിച്ചീടുവാനോ
കഴിയാതായ് ചാലിയാറും കല്ലടയാറും (ഓ തെയ്തെയ്തകത....)
മിന്നലേറ്റു കരിഞ്ഞപോൽ മരങ്ങൾ കായ്ഫലമെന്യേ
ഇരുകരകളിലുമായ് നിലകൊള്ളുന്നു

ഓ....തെയ്....തെയ്....തെയ്....തെയ്....തോം
മരിച്ചും മരിക്കാതെയും കടുത്ത രോഗികളായ്
വസിക്കുന്നീപ്പുഴകൾതൻ കരയ്ക്കെല്ലാരും
ഓ....തെയ്....തെയ്....തെയ്....തെയ്....തോം
കോടിക്കോടി ജനതക്കു പ്രാണഹാനി വരുത്തീട്ടു
വേണമോ പൾപ്പുഫാക്ടറി പേപ്പറുമില്ലും (ഓം തിത്തിത്താര)

വിഷബാധ ഒഴിവാക്കി വ്യവസായം വളരട്ടെ
വികസനത്തിനു ശാസ്ത്രം വിലങ്ങല്ലല്ലോ
ഓ....തെയ്....തെയ്....തെയ്....തെയ്....തോം

## എതിർക്കിൻ കൂട്ടരേ

പനങ്ങാട് പി.കെ. തങ്കപ്പൻപിള്ള

ഇക്കൂട്ടർ കാടിനെയും വെറുതെ വിടുന്നില്ല. മനലാടിനെ മരുഭൂമിയാക്കാൻ ഇവർക്ക് മടിയേതുമില്ല. മടിച്ചുനിൽക്കാതെ ഇവരെ എതിർക്കുകതന്നെ വേണം.

(ഈ പരിപാടിയിൽ അഞ്ചുപേർ വീതമുള്ള രണ്ട് സംഘമാണുള്ളത്. ഒരു കൂട്ടർ വനം നശിപ്പിക്കുന്നവരും – വെളുത്ത തലയിൽ കെട്ടുള്ളവർ. രണ്ടാം സംഘം വനംകൊള്ള തടയുന്നവർ – ചുവന്ന തലയിൽ കെട്ടുള്ളവർ. മുതലാളിയും ഒന്നാംസംഘവും വനത്തിൽ പ്രവേശിക്കുന്നു. മുതലാളി മരംവെട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നു. മരംവെട്ട് ആരംഭിക്കുന്നു. കയ്യിലെ വടി മഴുവായി ഉപയോഗിക്കുന്നു. ഒരു ഭാഗത്തുനിന്ന് രണ്ടാംസംഘം പ്രവേശിക്കുന്നു. വനംകൊള്ള തടയേണ്ടതിനെപ്പറ്റി പരസ്പരം സംസാരിച്ചുകൊണ്ടാണ് വരുന്നത്. എല്ലാവരുടേയും കയ്യിൽ വടിയുണ്ട്.)

രണ്ടാംസംഘത്തിലൊരാൾ : കൂട്ടരെ, കാട്ടുകള്ളന്മാര് നമ്മുടെ കിഴക്കൻവനമാകെ കട്ടുമുടിക്കുന്നു.

രണ്ടാ : നമുക്കൊന്നു നേരിട്ടിട്ടുതന്നെ കാര്യം.

മൂന്നാ : കാട് സംരക്ഷിക്കേണ്ടവരും കൂടിച്ചേർന്നിട്ടാ ഈ കൊള്ള നടത്തുന്നത്.

നാലാ : പുഴയായ പുഴയെല്ലാം വറ്റിവരണ്ടു. ജലസംഭരണിയിലും വെള്ളമില്ലാതായി.

അഞ്ചാ : എന്തിനു പറയുന്നു പവർകട്ടുവരെയായില്ലേ.

ഒന്നാ : ഇപ്പോൾ കാട്ടുമൃഗങ്ങളെ കാണണമെങ്കിൽ മൃഗശാലയിലോ മറ്റോ പോകണം.

(കാട്ടിലെത്തിയതായി നടിച്ച് കാതോർക്കുമ്പോൾ വായ്ത്താരി കേൾക്കുന്നു.)

തിത്തെയ് ഏരെയ് ഏരെയ് ഏരെയ് ഏരെയ് ഏരെയ്യോം
തിത്തെയ് ഏരെയ് ഏരെയ് ഏരെയ് ഏരെയ് ഏരെയ്യോം

(രണ്ടാം സംഘം ചാടിവീഴുന്നു)

ഒരാൾ : കാടുതെളിച്ചുകിളച്ചുതകർത്ത്
മുടിക്കണതാരാരോ....
പോയത്തം
കാട്ടാതെ കെയക്കു
തെളിഞ്ഞുകഴിഞ്ഞല്ലോ
(സംഘം ഏറ്റു പാടുന്നു)

സംഘം ഒന്നിലെ ഒരാൾ : കാടു കുരങ്ങനുവേണ്ടിയിടേണ്ട വെട്ടിവെടിപ്പാക്കാൻ
നാടുഭരിക്കണതമ്പ്രാക്കന്മാർ പറയണകേട്ടില്ലേ

(സംഘം ആവർത്തിക്കുന്നു)

(തിത്തെയ് ഏരെയ് എന്ന വായ്ത്താരി രണ്ടു പ്രാവശ്യം പാടിക്കൊണ്ട് ഇരു കൂട്ടരും ചുവടുവെച്ച് കമ്പുകളടിച്ചു കളിക്കുന്നു.)

രണ്ടാംസംഘം ഒരാൾ : കാട്ടാറെന്തുകരിഞ്ഞുകിടക്കണു നാട്ടുക്കുടയവരേ

ഒന്നാംസംഘം ഒരാൾ : മേട്ടിലെമണ്ണതു കുത്തിയൊലിച്ചു നികന്നതുകൊണ്ടാകാം

(ചോദ്യവും ഉത്തരവും ആവർത്തിക്കുന്നു. സംഘം വായ്ത്താരി പാടി ചുവടുവെച്ച് കളിക്കുന്നു.)

രണ്ടാംസംഘം ഒരാൾ : മേട്ടിലെമണ്ണതു കുത്തിയൊലിച്ചതു കാടില്ലാഞ്ഞല്ലേ

ഒന്നാംസംഘം ഒരാൾ : നാട്ടാർക്കെന്തുകൊയപ്പം ഇവിടൊരു കാട്ടാറില്ലെങ്കിൽ

(ചോദ്യവും ഉത്തരവും വായ്ത്താരിയും കളിയും ആവർത്തിക്കുന്നു. സംഘം.)

രണ്ടാംസംഘം ഒരാൾ : പദ്ധതി പൊളിയണ കാര്യമതല്ലേ കാട്ടാറില്ലെങ്കിൽ

ഒന്നാംസംഘം ഒരാൾ : പദ്ധതി കുന്തം – ഞങ്ങടെ പദ്ധതി കാശുണ്ടാക്കണതാ.

(ചോദ്യവും ഉത്തരവും വായ്ത്താരിയും കളിയും ആവർത്തിക്കുന്നു.)

രണ്ടാംസംഘം ഒരാൾ : മഴപെയ്താലും ഉറവയുമൂറ്റും ഇല്ലാതാവില്ലേ
മലമണ്ണുള്ളത് കുത്തിയൊലിച്ചുടനൊഴുകിപ്പോവില്ലേ

(ഒന്നാംസംഘത്തെ പുറകോട്ട് തള്ളുന്നു. രണ്ടാംസംഘം വിജയഭാവത്തിൽ പിൻമാറാൻ തുടങ്ങുമ്പോൾ ഒന്നാംസംഘം ഇടപെടുന്നു.)

(മട്ടുമാറി)

ഒന്നാംസംഘം ഒരാൾ : എതിർക്കാനാരിവിടെ എടുക്കും തീരുമാനം
വഴക്കും ശണ്ഠയുമൊക്കെ ഒതുക്കും ഞങ്ങളിന്ന്

(സംഘം ആവർത്തിച്ചുകൊണ്ട് ചുവടുവെച്ച് കളിക്കുന്നു.)

രണ്ടാംസംഘം ഒരാൾ : എതിർക്കിൻ കൂട്ടരെ ഇവൻമാരോടൊട്ടും മടിച്ചുനിൽക്കേണ്ടതില്ല (സംഘം)
മരങ്ങൾ ജീവികൾ മനുഷ്യരൊക്കെയും പൊരിയും വെള്ളമില്ലാതെ
(സംഘം)
മഴയില്ലാത്തൊരു
മരുഭൂമിയാക്കും മലനാടീ നിങ്ങൾ നാളെ (സംഘം)
(ദ്രുതതാളത്തിൽ ചുവടുവെച്ച് കളിച്ചുകൊണ്ട്)

സംഘം : എതിർക്കിൻ കൂട്ടരെ ഇവൻമാരോടൊട്ടും മടിച്ചുനിൽക്കേണ്ടതില്ല (4)
താ തിന്ത തരികിട തിന്ത തെയ്....

## ഭൂമി

**ഇനിയും മരിക്കാത്ത ഭൂമി**
ഇനിയും ജീവൻ തുടിക്കുന്ന ഭൂമി
ഇത് ഭൂമി നമ്മുടെ നല്ല ഭൂമി
കാടും മേടും കരകാണാ കടലും
തോടും പുഴയും വയലുകളും
ആരോ വരച്ചൊരു വർണ്ണചിത്രം
ആകാശത്തിനുകീഴെ
നീലാകാശത്തിനു കീഴെ
പെറ്റുവളർത്തിയതീഭൂമി നമ്മെ
പോറ്റി ഉണർത്തിയതീ ഭൂമി
പുഴയുടെ തീരത്തെയീറനാം പുതുമണ്ണിൽ
പുന്നെല്ല് വിളയിച്ചൂ നമ്മൾ
പൂവെള്ള് വിളയിച്ചോർ നമ്മൾ
പത്തരമെനി വിളയിച്ചു നമ്മൾ
പത്തായങ്ങൾ നിറച്ചുനമ്മൾ
ഉണ്ണാൻ തന്നതുമീഭൂമി
നമുക്കുടുപ്പാൻ തന്നതുമീഭൂമി
ഊട്ടിയുടുപ്പിച്ചുറക്കിക്കിടത്തി
താരാട്ടി നമ്മളെയീഭൂമി
വിതയുടെ പാട്ടുകൾ പാടി നാം
വിളവെടുപ്പുത്സവും കൂടി
നാമൊത്തുകൂടി
നാമൊത്തുപാടി
നാമൊത്തുജീവിത നാടകമാടി
പാടി പതിഞ്ഞൊരാപട്ടിലെല്ലാം
ആടിത്തിമിർത്തൊരു കൂത്തിലെല്ലാം
ഒന്നെ പല്ലവി ഒന്നേ പല്ലവി
എത്രമനോഹരമീ ചിത്രമനോഹരമീ ഭൂമി
നമ്മെ പെറ്റുവളർത്തിയൊരീഭൂമി
ഇവിടെയൂപ്പുഴയിലെ ഓളങ്ങളെപ്പോലെ
ഇവിടെയീ പ്പാടുന്ന പറവകളെപ്പോലെ
ഇവിടെയീ ചിരിതൂകും പൂവുകളെപ്പോലെ
ഇവിടെയീ മനുഷ്യരും അവരുടെ വാഴ്‌വും
അവിരാമ സംഗീത ധാരയായി
അവിരാമ സംഗീത ധാരയായി
മണ്ണും മനുഷ്യനും തമ്മിലറിഞ്ഞപ്പോൾ
മണ്ണിൽ മഴവില്ല് പൂത്ത് നൂറു
വർണ്ണങ്ങൾ പീലി വിടർത്തു
നിറന്ന പീലിയിൽ കുതിർമണി കോർത്തു
വരിനെൽക്കന്ന്യകൾ നിരക്കെ നീട്ടുന്നു
കുതിർമണി കൊയ്യാൻ അരിവാളെത്തുന്നു
കളമൊഴിതൂകി അരിവാളെത്തുന്നു
അരിവാളിൻ പിന്നിൽ പണിയെടുപ്പോർതൻ
അരിയമോഹങ്ങൾ നിരന്നുപാടുന്നു
കാവൽ നിൽക്കണം നമ്മൾ കാവൽ നിൽക്കണം
ഈ നല്ല ഭൂമിക്ക് കാവൽ നിൽക്കണം
ഈ നമ്മുടെ ഭൂമിക്ക് കാവൽ നിൽക്കണം
അമ്മതൻ പച്ചപ്പട്ടുടയാട കവർന്നീടാൻ
വൻമഴുവേന്തിവരുന്നതാരോ

മരമായ മരമെല്ലാം വെട്ടിമുറിച്ചിട്ട്
മരുഭൂമി വളർത്തുവാൻ വരുവതാരോ
ഒരു കൊച്ചുമീനിനും കുടിവെള്ളം കിട്ടാതം
പുഴയെല്ലാം വറ്റിപ്പാൻ വരുവതാരോ
ഉരഗങ്ങളെപ്പോലെ വിഷവാതകം ചീറ്റി
ഉലകാകെ ചുറ്റി വരുവതാരോ
അവരാണ് അവരാണ്
അവരുടെ കൈകളിൽ മലിനമാം കൈകളിൽ
അരുതരുത് അമ്മടെ വീഴ്ത്തരുതേ
അമൃതവും വിഷമാക്കും അവരുടെ ചെയ്തികളിൽ
അവരുടെ കെണികളിൽ വീഴരുതേ
അവരുടെ കൈവിരൽ തുമ്പൊന്ന് തൊട്ടെന്നാൽ
അതിലുണ്ടേ മൃതിയുടെ വിഷധൂളികൾ
മരണത്തെ നിങ്ങൾ വെറുക്കുന്നില്ലേ
ഈ മരണത്തിൻ ദൂതനെ മാറ്റി നിർത്തു
ജീവിതം ഹാ വിലപ്പെട്ടതല്ലെ
ഈ ജീവന്റെ ശത്രുക്കളെ മാറ്റി നിർത്തു
ഒരുമിച്ചു നിൽക്കനാം ഒരുമിച്ചു നിൽക്കാനാം
ഒരുമിച്ചുനിന്ന് ചെറുക്കുക നാം
വസുതയെ സ്നേഹിക്കും മക്കൾ നമ്മൾ
വസുതതൻ വത്സല സന്തതികൾ നമ്മൾ
ഭൂമിയെ രക്ഷിക്കാൻ ഭൂമിയെ രക്ഷിക്കാൻ
ഭൂമിതൻ മക്കളാം നമ്മൾ മാത്രം

ഞാറ്റുവേല

എസ്.പി.എൻ

തിരിമുറിയാ മഴപെയ്യും നമ്മുടെ
തിരുവാതിരയിന്നെവിടെപ്പോയ്?
സംഘം- എവിടെപ്പോയ്.... എവിടെപ്പോയ്
തിരുവാതിരയെവിടെപ്പോയ്
കർക്കിടപ്പൂയത്തിനുമാത്രമി-
തെത്തുന്നെന്തേ പുതുവർഷം?
സംഘം- എത്തുന്നതെന്തേ പുതുവർഷം?
കുടകൂടാതെനടക്കാൻപറ്റാ-
ത്തിടവപ്പാതികളിന്നെവിടെ?
വൃശ്ചികമാസക്കാറ്റെവിടെകുളി-
രെത്തിക്കുന്നൊരു ധനുവെവിടെ?
വിത്തും കൈക്കോട്ടും കൊണ്ടെത്തണ
വിഷുവൽ പക്ഷികളെവിടെപ്പോയ്?
എവിടെപ്പോയ് തുലാവർഷംപ-
ണ്ടിടിയും മവയും പൊടിപൂരം
ആതിരരാവിൽ കുളിച്ചുകുറിയിട്ടൂഞ്ഞലാടിപ്പാടിടും
ശാലീനതയുടെ ചാരുതചേരും
കേരളഗ്രാമശ്രീയെവിടെ?
തുമ്പികൾ വീണക്കമ്പികൾ മീട്ടിടും
ചിങ്ങവസന്തശ്രീയെവിടെ?
നമ്മുടെ മന്നുടെ മാമലനാടേ
കേരളനാടേ നീയെവിടെ?

ഒരാൽ കടന്നുവന്ന്- നിങ്ങളിങ്ങനെ എനിടെ എവിടെ എന്നു ചോദിച്ചിരുന്നിട്ടു കാര്യമില്ല. നിങ്ങൾ നിഷ്ക്രിയരായിരിക്കുന്നതാണ് ഇതിനൊക്കെ കാരണം. പ്രകൃതിയുടെ മേലുള്ള കടന്നാക്രമണമാണ് വേണ്ടസമയത്ത് മഴയുണ്ടാകുന്നതിനും വേണ്ടസമയത്ത് മഴകിട്ടാത്തതിനും കാരണം. ഇതിനെതിരായി നമ്മൾക്കൊ

ന്നിച്ചു ചേരാം.
ചേരാമോ?
സംഘം- ചേരാം
കക്കുന്നവരുടെ കൈവെട്ടാൻ
ശക്തിയെഴുന്നവരിവിടുണ്ട്
അലറിവരുന്നുണ്ടവരുടെ പടയണി
കരുതിയിരുന്നോ വഞ്ചകരേ
മരിച്ചുവീഴാൻ തയ്യാറായൊരു
ചാവേർപ്പടയുടെ വരവുണ്ട്
കരുതിയിരുന്നോ കാപാലികരേ
കൊള്ളക്കാരേ വഞ്ചകരേ!
കക്കുന്നവരുടെ കൈവെട്ടാൻ
ശക്തിയെഴുന്നവരിവിടുണ്ട്

## കവിയോട്

മുല്ലനേഴി

നീലവാനം കനൽ കണ്ണു-
നീട്ടിനിൽക്കുന്നു
നീതിതേടും ജീവിതങ്ങൾ
നീറിനിൽക്കുന്നു
പൂക്കൾ വിരിയും പുലരിയെവിടെ?
പുഴകളൊഴുകും ഭൂമിയെവിടെ?
പുതിയ പുരുഷാർത്ഥങ്ങൾ നേടാൻ
കുതികുതിക്കും ഹൃദയമെവിടെ?
കടലുപാടും പാട്ടിലുണ്ടൊരു
കലിയിരമ്പുന്നു
കാടുചീറ്റും കാട്ടിലുണ്ടൊരു
പക പരക്കുന്നു
മാനമെവിടെ ഭൂമിയെവിടെ?
കത്തിനിൽക്കും തീമലയ്ക്കു-
മപ്പുറത്തെ സൂര്യനെവിടെ?